വ്യവസായസ്ഥാപനങ്ങൾക്ക് വായ്പ.

194 [3] ശ്രീ. പി കുഞ്ഞൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റേറ്റ് എയിഡ് ഇൻഡസ്ട്രീസ് ബോർഡിൽ നിന്നും എത്ര വ്യവസായസ്ഥാപനങ്ങൾക്ക് വായ്പ നൽകിയിട്ടുണ്ട്;

(ബി) പതിനായിരത്തിനുമുകളിൽ ഓരോ ഡിസ്ട്രിക്ടിലും എത്ര പേർക്കുവീതം ലോൺ അനുവദിച്ചിട്ടുണ്ട്;

(സി) ഏറ്റവുംകൂടിയതും കുറഞ്ഞതുമായ ലോൺ ആർക്കെല്ലാം മുതലായിട്ടുണ്ട്; തുക എത്രവീതം?

ഉത്തരം.

(എ) തിരുവിതാംകൂർ–കൊച്ചി സ്റ്റേറ്റ് എയ്ഡ് ഇൻഡസ്ട്രീസ് ബോർഡിൽ നിന്നും നാളിതുവരെ വായ്പകൾ നൽകിയിട്ടില്ല.

(ബി) ഉദിക്കുന്നില്ല.

(സി) ഉദിക്കുന്നില്ല.

ഹിന്ദി അദ്ധ്യാപകന്മാർ.

195. [5] ശ്രീ. എം. എം. മത്തായി : താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയുമോ :

(എ) സംസ്ഥാനത്തെ വിവിധ വിദ്യാലയങ്ങളിലായി എത്ര പാർട്ട്ടൈം ഹിന്ദി അദ്ധ്യാപകന്മാരുണ്ട്;

(ബി) അവർക്കു നൽകുന്ന പ്രതിഫലം എന്താണ്;

(സി) അവരുടെ നിവേദനങ്ങൾ ഗവണ്മെൻറിലേയ്ക്ക് ലഭിച്ചിട്ടുണ്ടോ?

ഉത്തരം

(എ) 250.

(ബി) അവർക്ക് പ്രതിമാസം 25 രൂപവീതം അലവൻസ് കൊടുത്തുവരുന്നു. എന്നാൽ ചിലർ രണ്ടു സ്കൂളുകളിൽ പഠിപ്പിച്ചുവരുന്നുണ്ട്. അങ്ങനെയുള്ളവർക്ക് കൂടുതലായി 10 രൂപ കൂടി അലവൻസായി നൽകുന്നു.

(സി) ഉണ്ട്. അവ ഗവണ്മെൻറിന്റെ ശ്രദ്ധയിലിരിക്കുന്നു.

Anglo-Indians in the P. W. D.

196. [8] SHRI A. A. D. LUIZ: Will the Minister for Works be pleased to state:

The exact number of Anglo-Indians that have been entertained in the P. W. D. during the years 1953-54 and 1954-55.

Answer.

None

LIBRARY ARCHIVES Kerala Legislative Assembly